നിശ്ചയിക്കുവാൻമുള്ള സ്റ്റാഫ്, സർവ്വേ ഡിപ്പാർട്ടുമെൻറിലും ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറിലും അനുവദിച്ചു കൊണ്ടുള്ള ഉത്തരവും നൽകിക്കഴിഞ്ഞു. ഈ ജോലികളെല്ലാം പുരോഗമിച്ചുകൊണ്ടിരിക്കുകയാണു്.

(ബി) ഫാമിനെ സംബന്ധിച്ചു് കേരളാ ഗവണ്മെൻറു് ചെയ്യേണ്ട കാര്യങ്ങളും താഴെ പറയുന്നവയാണു്.

(1) 12,000 ഏക്കർ പൊന്നും വിലയ്ക്കെടുത്തു കേന്ദ്രഗവണ്മെൻറിനെ ഏല്പിക്കുക- ഇതെസംബന്ധിച്ചു ജോലികളും ആരംഭിച്ചു കഴിഞ്ഞു.

(2) കാക്കയങ്ങാടി മുതൽ ഫാമിൻെറ അതിർത്തി വരെ ഒരു റോഡു് നിർമ്മിക്കുകയും ഓടന്തോടു് പുഴയ്ക്കു് ഒരു പാലം കെട്ടുകയും ചെയ്യുക- ഈ വർക്കുകളുടെ എസ്റ്റിമേറ്റു് ഇഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കിക്കൊണ്ടിരിക്കുകയാണു്.

(3) ഫാമിനാവശ്യമായ ജലസേചന പദ്ധതികളും ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയുംചെയ്യുക- ഇൻജിനീയറിംഗ് വിഭാഗം ഇതെ സംബന്ധിച്ചു നടപടികളും എടുത്തു വരികയാണു്. ഈ വക്കുകളുടെ എസ്റ്റിമേറ്റുസു് കേന്ദ്രഗവണ്മെൻറു് അംഗീകരിച്ചതിനു ശേഷം മാത്രമേ പദ്ധതികളും നടപ്പിൽ വരുത്തുകയുള്ളു.

(സി) ഫാമിനുവേണ്ടി ആളും തിരഞ്ഞെടുത്ത കേന്ദ്രഗവണ്മെൻറിൻെറ വിദഗ്ദ്ധകമ്മറ്റി ശുപാർശചെയ്തതനുസരിച്ചു് റോഡു കാക്കയങ്ങാടി വഴിക്കും, പാലം ഓടന്തോടു പുഴയ്ക്കും നിർമ്മിക്കുവാനാണു് തീരുമാനിച്ചിട്ടുള്ളതു്.

(ഡി) ഇപ്പോൾ കൃത്യമായി പറയുവാൻ കഴിയുകയില്ല.

A Chair for Sanskrit in Calicut University

* 18. [25] **Shri. U. P. Kunikullayya** : Will the Education Minister be pleased to state :

(a) Will the Government start a Chair for Sanskrit in Calicut University.

(b) Is there any facility for post graduate courses in Sanskrit in any of the Colleges under the Calicut University ;

(c)) If there is no facility now, will steps be taken to start post graduate course in the colleges under the Calicut University ?

Education Minister **(Shri. C. H. Mohammed Koya)** :

(a) This is a matter for the Calicut University to consider.

(b) Yes: in the Sanskrit College, Pattambi.

(c) Does not arise.

ടെയിനിംഗ് ലഭിക്കാത്ത അദ്ധ്യാപകർ

* 19[28] ശ്രീ. വി. എസ്. അച്ചുതാനന്ദൻ :
ശ്രീ. സി. ബി. ചന്ദ്രശേഖര വാര്യർ:
ശ്രീ. എം. കെ. കേള ;
ശ്രീ. ആർ. കൃഷ്ണൻ (പാലക്കാടു്): താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെൻറു് പ്രൈമറിസ്കൂളുകളിൽ ടെയിനിംഗ് ലഭിക്കാത്തവരെ അദ്ധ്യാപകരായി നിയമിക്കുന്ന പതിവു് നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ടെയിനിംഗ് ലഭിക്കാത്ത എത്രപേർ ഇപ്പോൾ പ്രൈമറിസ്കൂളുകളിൽ അദ്ധ്യാപകരായി തുടരുന്നുണ്ടു് ;

(സി) പ്രസ്തുത അദ്ധ്യാപകർക്കു് ടെയിനിംഗ് ലഭിക്കുന്നതിനും, എന്തെങ്കിലും നടപടി ഗവണ്മെൻറു് സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ടെയിനിംഗ് ലഭിച്ചതിനുശേഷം പുനർനിയമനം നിഷേധിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ കാരണമെന്തു് ?

LIBRARY ARCHIVES Kerala Legislative Assembly